പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 250

# 2020-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 13-03-2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 250

# 2020-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ബിൽ

408/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 250

# 2020-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ബിൽ

## 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 1971 മേയ് 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26)-ലെ 3-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(5) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് (1964-ലെ 1)-ലെ 72 കെ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ ഒരു ക്രയ സർട്ടിഫിക്കറ്റ് ഒരു പ്രസക്തമായ രേഖ മാത്രമായിരിക്കുകയും എന്നാൽ ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ ഒരാളുടെ കൈവശമുണ്ടായിരുന്ന ഭൂമി വ്യക്തിപരമായ കാർഷികവൃത്തിക്ക് ആയിരുന്നുവെന്ന് തെളിയിക്കുന്നതിന് വേണ്ടിയുള്ള ഒരു നിർണായക തെളിവില്ലാത്തതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുകയും അവ കർഷകർക്കും കർഷക തൊഴിലാളികൾക്കും കൃഷി ചെയ്യുന്നതിന് പതിച്ചുകൊടുക്കുകയും ചെയ്യുന്നതിന് 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26) വ്യവസ്ഥ ചെയ്യുന്നു.

2. 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് (1964 ലെ 1)-ലെ 72 കെ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം, (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ ക്രയസർട്ടിഫിക്കറ്റ് പതിച്ചുകൊടുത്തത് ഏത് കൈവശ ഭൂമിയോ അതിന്റെ ഭാഗമോ ആണോ ആ കൈവശ ഭൂമിയിന്മേലോ ഭാഗത്തിന്മേലോ ഭൂഉടമസ്ഥനും മദ്ധ്യവർത്തികൾ വല്ലവരുമുണ്ടെങ്കിൽ അവർക്കും ഉള്ള അവകാശവും ഉടമാവകാശവും അവകാശബന്ധവും കുടിയാന് പതിച്ചുകൊടുത്തതിനുള്ള നിർണായക തെളിവായിരിക്കുന്നതാണ്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിലെ (1964-ലെ 1) 72 കെ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നടപ്പ് കുടിയാൻ എന്ന നിലയിൽ എതിർകക്ഷിക്ക് ഭൂമികൈവശമുണ്ട് എന്നതിന് ക്രയസർട്ടിഫിക്കറ്റ് ഒരു നിർണായക തെളിവുകൂടിയാണെന്നും ആ ഭൂമി 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971 ലെ 26) -ലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമാക്കലിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നും സ്റ്റേറ്റ് ഓഫ് കേരള V മുഹമ്മദ് ബഷീർ [2019 (1) KLT386 (SC)] എന്ന കേസിൽ ബഹു. സുപ്രീം കോടതി വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായം സംസ്ഥാനത്തെ വനഭൂമി സംബന്ധിച്ച് ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്നതും സംസ്ഥാനത്തെ ആദിമവനങ്ങൾ വലിയതോതിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നതുമാണ്. ഈ സാഹചര്യം നിലനിന്നാൽ, 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26) പ്രകാരം കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ 90%വും സർക്കാരിനെതിരെ തീരുമാനമാകുന്നതിനുള്ള സാധ്യതയുണ്ട്. ഇത് സ്വകാര്യവനങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ വിനാശകരവും വ്യാപകവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ആയതിനാൽ 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26) -ലെ 3-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല

കെ. രാജു.

//ശരിത്തർജ്ജമ//

# 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1971-ലെ 26)

** ** ** **

3. സ്വകാര്യവനങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണെന്ന്.—(1) തത്ക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിലോ മറ്റു രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്കുവിധേയമായും നിശ്ചിത തീയതിയിലും അന്ന് മുതൽക്കും, കേരള സംസ്ഥാനത്തുള്ള എല്ലാ സ്വകാര്യ വനങ്ങളുടെയും ഉടമാവകാശവും കൈവശാവകാശവും ഈ ആക്റ്റ് ഹേതുവായി എല്ലാ കടങ്ങളിൽ നിന്നും വിമുക്തമായി ഗവൺമെന്റിലേക്ക് കൈമാറ്റപ്പെടുന്നതും ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും ഏതെങ്കിലും സ്വകാര്യ വനത്തിന്മേലുള്ള ഉടമയുടെയോ മറ്റേതെങ്കിലും ആളുടെയോ അവകാശവും ഉടമവകാശ്വും അവകാശബന്ധവും ഇല്ലാതായിത്തീരുന്നതുമാകുന്നു.

** ** ** **

(4) 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പിന്റെയോ (3)-ാം ഉപവകുപ്പിന്റെയോ ആവശ്യങ്ങൾക്ക്, സ്വകാര്യ വനങ്ങളെ പ്രസ്തുത ആക്റ്റിന്റെ III-ാം അദ്ധ്യായം ബാധകമായിട്ടുള്ള ഭൂമികളായി കരുതേണ്ടതും ഒരു ഉടമയ്ക്ക് ബാധകമായ പരമാവധി വിസ്തീർണം കണക്കാക്കുന്ന ആവശ്യത്തിലേക്ക് സ്വകാര്യ വനങ്ങൾ പ്രസ്തുത ആക്റ്റിലെ II-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള "മറ്റു പറമ്പുകൾ " ആയി കണക്കാക്കേണ്ടതുമാകുന്നു.

** ** ** **